**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4580** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി മേഖലകളിൽ ഏതെല്ലാം ഭവന നിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണം നിലവിൽ ലൈഫ് ഭവന പദ്ധതി പ്രകാരമാണ് നടപ്പിലാക്കുന്നത്. ആദിവാസി മിഷൻ മുഖേനയും ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമിയും ഭവന നിർമ്മാണത്തിന് ധനസഹായവും നൽകിവരുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭവന നവീകരണത്തിനായി സേഫ് പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതികൾ വഴി ഭവനനിർമ്മാണ സഹായം ലഭ്യമാക്കിയെന്നും എത്ര ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | മുൻ സർക്കാറിന്റെ കാലം മുതൽ 1,27,956 പട്ടികജാതി വിഭാഗക്കാർക്കും 52,009 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,17,913 പട്ടികജാതി കുടുംബങ്ങൾക്കും 44,223 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ